നടപടികൾ പുരോഗമിച്ചുവരുന്നു. പട്ടികജാതി വകുപ്പിന് കീഴിലും ജില്ലയിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്. ഇതുകൂടാതെ തൃക്കരിപ്പൂർ മണ്ഡലത്തിൽനിന്നും അധികം ദൂരെയല്ലാതെ കണ്ണൂർ ജില്ലയിൽ പെരിങ്ങോം എന്ന സ്ഥലത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതാണ്. ഈ സാഹചര്യത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലില്ല.

ആദിവാസി ഹോസ്റ്റലുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

65(810) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ആദിവാസി ഹോസ്റ്റലുകൾ എന്നിവ മെച്ചപ്പെടുത്താനുള്ള പദ്ധതിക്കായി നീക്കിവച്ച തുകയിൽനിന്നും 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതം വിനിയോഗിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഫണ്ട് വിനിയോഗം കുറഞ്ഞതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പട്ടികവർഗ്ഗ ഹോസ്റ്റലുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശീർഷകം നിലവിലില്ല. EMRS, ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട 4225-02-277-42-Construction of MRS, Boys and Girls Hostels (Plan) എന്ന ശീർഷകം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ളതായതിനാൽ വകുപ്പിൽനിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് നൽകുന്ന രീതിയാണ് നിലവിലുള്ളത്. പ്രസ്തുത ശീർഷകത്തിൽ നിന്നും 2019-20, 2020-21 വർഷത്തെ വിനിയോഗം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	അലോട്ട്മെന്റ്	വിനിയോഗം	PWD യിൽ നിന്നും ലഭ്യമാകാനുണ്ടായിരുന്ന LOC പ്രൊപ്പോസൽ തുക
2019-20	12 കോടി രൂപ	12.35 കോടി രൂപ	2.91 കോടി രൂപ
2020-21	8 കോടി രൂപ	3.63 കോടി രൂപ	2.29 കോടി രൂപ

കോവിഡ് വ്യാപന പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാലും നിർമ്മാണ പ്രവർത്തനങ്ങൾക്കും അന്തർ ജില്ലാ യാത്രകൾക്കും വിലക്ക് വന്നതിനാലും നിർമ്മാണ തൊഴിലാളികളുടെ കുറവുകൊണ്ടുമാണ് പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിൽ കുറവ് വന്നിട്ടുള്ളത്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യക്തിഗത പഠനമുറി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി

66(811) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വ്യക്തിഗത പഠനമുറി ധനസഹായം അനുവദിക്കുമ്പോൾ കൂടുതൽ ദുർബല വിഭാഗമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വകുപ്പ് മുഖേന പ്രസ്തുത ധനസഹായം അനുവദിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ സമയത്തിനുശേഷം പഠനത്തിനായി സഹായം നൽകുന്നതിന് കോളനികളിലെ അവരുടെ വീടുകളിൽ സൗകര്യമില്ലാത്ത സാഹചര്യത്തിലാണ് സാമൂഹ്യ പഠനമുറികൾ ആരംഭിച്ചത്. സാമൂഹ്യ പഠന മുറികളിൽ പഠനത്തിനായി എത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിന് ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹായവും അദ്ധ്യാപന പരിശീലനവും ലഭിച്ച ഒരു ഫെസിലിറ്റേറ്ററുടെ സേവനവും ലഭിക്കുന്നതാണ്. വീടുകളിൽ പഠനമുറി നൽകുന്നതിലൂടെ ഈ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly